

# സമ്പൂർണ്ണകൃതികൾ: ഭാഗം X

കെ. ദാമോദരൻ

## 8. നാഷണൽ കൗൺസിലിന്റെ തീരുമാനങ്ങൾ

# സമ്പൂർണ്ണകൃതികൾ: ഭാഗം X

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


8 നാഷണൽ കൗൺസിലിന്റെ തീരുമാനങ്ങൾ . 1

1 പരീക്ഷണഘട്ടം . . . . . . . . . . . . 2

2 “ഏറാൻ മൂളികളും വർഗ്ഗവഞ്ചകന്മാരും”? 3

3 വർഗ്ഗസമരത്തിന്റെ കാര്യം . . . . . . 4

4 അവരുടെ വാദഗതി . . . . . . . . . . 5

5 പ്രത്യയശാസ്ത്രപരമായ നിലപാട് . . . 6

6 പൊതുധാരണകൾ . . . . . . . . . . 7

7 പൊതുപ്രസ്ഥാനത്തിന്റെ ഭാഗം . . . 8

8 സ്വന്തം തീരുമാനം . . . . . . . . . . . 9

9 മൂലകാരണം . . . . . . . . . . . . . . 10

10 സഹവർത്തിത്വത്തിൽ വിശ്വസിക്കുന്നില്ല 11

11 ചർച്ചകൾ . . . . . . . . . . . . . . . 12

12 രാഷ്ട്രീയസ്ഥിതി . . . . . . . . . . . 13

13 അച്ചടക്കപ്രശ്നം . . . . . . . . . . . 14

14 അച്ചടക്കനടപടിക്കു കാരണം . . . . 15

15 ബഹുജനപ്രസ്ഥാനം . . . . . . . . . . 16

16 പാർട്ടികളും അച്ചടക്കനടപടിയും . . . 17

# 8

# നാഷണൽ കൗൺസിലിന്റെ തീരുമാനങ്ങൾ

ഒക്ടോബർ 14—മുതൽ 20 വരെ ദൽഹിയിൽ വച്ച് കൂടിയ നാഷണൽ കൗൺസിൽ യോഗം ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രത്തിൽ ഒരു പുതിയ അധ്യായത്തെ കുറിക്കുന്നു. കൗൺസിൽ പാസ്സാക്കിയ പ്രമേയങ്ങൾ കമ്യൂണിസ്റ്റ് പാർട്ടിക്കു ആശയപരമായും രാഷ്ട്രീയമായും സംഘടനാപരമായും കൂടുതലുറച്ച നിലപാടുകളെടുത്തു കൊണ്ട് മുന്നേറാനാവശ്യമായ സാധ്യതകളും സാഹചര്യങ്ങളുമുളവായിരിക്കുന്നു എന്നാണ് കാണിക്കുന്നത്.

1962 ഒക്ടോബറിലെ ചൈനീസാക്രമണം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനും അതിർത്തിഭദ്രതയ്ക്കും എതിരായ ഒരാക്രമണം മാത്രമായിരുന്നില്ല. അത് ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും മാർക്സിസം, ലെനിനിസത്തിനും ഇന്ത്യൻ കമ്യൂണിസ്റ്റ്പാർട്ടിക്കും എതിരായ ഒരാക്രമണം കൂടിയായിരുന്നു. ആ ആക്രമണത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് കമ്യൂണിസ്റ്റ്കാരേയും കോൺഗ്രസ്സിലെ ഇടതുപക്ഷക്കാരേയും ഒറ്റപ്പെടുത്താനും ബഹുജനപ്രസ്ഥാനങ്ങളെ ഛിന്നഭിന്നമാക്കാനും ഇന്ത്യൻ ജനത വിലപിടിച്ചവയായി കരുതിപ്പോന്ന എല്ലാ മൂല്യങ്ങളേയും ഇടിച്ചുതകർക്കാനും വലതുപക്ഷ പിന്തിരിപ്പന്മാർ അങ്ങേയറ്റം പരിശ്രമിച്ചു. ചേരിചേരാനയമുപേക്ഷിച്ച് പാശ്ചാത്യയുദ്ധക്കൂട്ടുകെട്ടുകളിൽ ചേർന്നാലേ ഇന്ത്യക്കു രക്ഷയുള്ളൂ എന്ന് സാമ്രാജ്യവാദികൾ ഉറപ്പിച്ചുപറഞ്ഞു.

## 1 പരീക്ഷണഘട്ടം

പക്ഷേ, ആ പരീക്ഷണഘട്ടത്തെ തരണം ചെയ്യാൻ കമ്യൂണിസ്റ്റ് പാർട്ടിക്ക് സാധിച്ചു. 1962 നവംബർ 1-ാം തീയതി നാഷണൽ കൗൺസിൽ പാസ്സാക്കിയ പ്രമേയവും അതിനെത്തുടർന്ന് നടത്തിയ പ്രവർത്തനങ്ങളുമാണ് വീണ്ടും ശക്തിയാർജ്ജിച്ചു മുന്നേറാൻ പാർട്ടിയെ സഹായിച്ചത്.

നവംബർ പ്രമേയത്തിൽ മുഖ്യമായി മൂന്നു കേന്ദ്രമുദ്രാവാക്യങ്ങളാണടങ്ങിയിരുന്നത്. രാജ്യരക്ഷയും ദേശീയൈക്യവും. സാമ്രാജ്യവാദികളുടേയും വലതുപക്ഷപിന്തിരിപ്പന്മാരുടേയും രാജ്യദ്രോഹനയങ്ങൾക്കെതിരായ സമരം. ജനങ്ങളുടെ താൽപര്യങ്ങളെ കാത്തുരക്ഷിക്കാൻവേണ്ടിയുള്ള സമരങ്ങൾ. പരസ്പരം ബന്ധപ്പെട്ട ഈ മൂന്നു മുദ്രാവാക്യങ്ങളും അവയുടെ അടിസ്ഥാനത്തിലുള്ള പാർട്ടിയുടെ പ്രവർത്തനങ്ങളും ശരിയായിരുന്നുവെന്ന് കഴിഞ്ഞ ഒരു കൊല്ലക്കാലത്തെ സംഭവഗതികൾ തെളിയിച്ചിരിക്കുന്നു.

ചൈനീസാക്രമണത്തെ ഒരാപത്തായിട്ടല്ല അവസരമായിട്ടാണ് സാമ്രാജ്യവാദികളും ഇന്ത്യയിലെ വലതുപക്ഷപിന്തിരിപ്പന്മാരും കണ്ടത്. അവർക്ക് ദുഃഖവും രോഷവുമല്ല, അതിരുകവിഞ്ഞ ആഹ്ലാദമാണുണ്ടായത്. പക്ഷേ, ആ ആഹ്ലാദം താൽക്കാലികം മാത്രമായിരുന്നു. ഇന്ത്യൻ ജനതയുടെ ഐക്യത്തിന്റെ മുമ്പിൽ അവർക്കു പിന്മാറേണ്ടിവന്നു. ഇന്ത്യയുടെ ചേരിചേരാനയത്തെ തകർക്കുവാനവർക്കു കഴിഞ്ഞില്ല. കാശ്മീർ പിടിച്ചെടുക്കുവാനുള്ള തന്ത്രം ഫലിച്ചില്ല. ആകാശക്കുട കീറിപ്പോയി. വോയ്സ് ഓഫ് അമേരിക്കയുമായുള്ള കരാർ പൊളിഞ്ഞു. വലതുപക്ഷപിന്തിരിപ്പന്മാരെ മുട്ടുകൊടുത്തു നിർത്താനുള്ള സാമ്രാജ്യവാദികളുടെ യത്നങ്ങൾ അധികമധികം നിഷ്ഫലമാവാൻ തുടങ്ങി. പട്ടീലിൻറേയും മൊറാർജിയുടേയും തിരോധാനം അതിന്റെ സൂചനകളാണ്.

കോൺഗ്രസ്സിനകത്തും പുറത്തുമുള്ള വലതുപക്ഷപിന്തിരിപ്പന്മാരെല്ലാം പൂർണ്ണമായും ഒറ്റപ്പെട്ടുകഴിഞ്ഞുവെന്നോ അവരുടെ ശക്തി ക്ഷയിച്ചുകഴിഞ്ഞുവെന്നോ കരുതുന്നത് തീർച്ചയായും തെറ്റായിരിക്കും. എങ്കിലും, ഇന്ത്യയിലെ ഭരണാധികാരവൃന്ദത്തേയും ഭരണനയങ്ങളേയും വലത്തോട്ടു പിടിച്ചുകൊണ്ടുപോകാനുള്ള അവരുടെ അടവുകളെ തടയാൻ ഇന്ത്യൻജനതയ്ക്കു കഴിയുമെന്നു വ്യക്തമായിരിക്കുന്നു. പുരോഗമനപരമായ നയങ്ങൾക്കുവേണ്ടി പോരാടാനാവശ്യമായ സാഹചര്യങ്ങൾ വളർന്നുകൊണ്ടിരിക്കുകയാണ്.

ഈ അനുകൂലസാഹചര്യങ്ങളുളവാക്കുന്ന കാര്യത്തിൽ സാർവ്വദേശീയസംഭവവികാസങ്ങൾ പ്രത്യേകിച്ചും സോവിയറ്റ് യൂണിയന്റെ നിലപാട് വഹിച്ച പങ്ക് ചെറുതല്ല. ഇന്ത്യയും ചൈനയും തമ്മിലുള്ള അതിർത്തി തർക്കം സമാധാനപരമായി പരിഹരിക്കണമെന്നും കൂടിയാലോചനകൾക്കു വഴിതെളിക്കാൻ വേണ്ടി ചൈന കൊളമ്പു നിർദ്ദേശങ്ങൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യൻ കമ്യൂണിസ്റ്റുപാർട്ടി പാസ്സാക്കിയ പ്രമേയം നെഹ്റുവിന്റെ ബൂർഷ്വാ ഗവൺമെൻറിന് ഏറാൻമൂളലാണ് എന്ന് കരുതിയവരുണ്ടായിരുന്നു. പക്ഷേ സോഷ്യലിസ്റ്റ്കമ്യൂണിസ്റ്റു പാർട്ടിയും ലോകത്തിലെ മറ്റ് ഒട്ടനവധി കമ്യൂണിസ്റ്റ് പാർട്ടികളും ഇന്ത്യൻ കമ്യൂണിസ്റ്റു പാർട്ടിയുടെ നിലപാടിനെ ശരിവെച്ചിരിക്കുന്നു. വാസ്തവത്തിൽ ചൈന ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ നിന്നു ഇത്രയധികം ഒറ്റപ്പെട്ട ഒരു സന്ദർഭം മുമ്പുണ്ടായിട്ടില്ല.

## 2 “ഏറാൻ മൂളികളും വർഗ്ഗവഞ്ചകന്മാരും”?

അനുകൂല സാഹചര്യങ്ങളുളവാക്കാൻ സഹായിച്ച മറ്റൊരു പ്രധാനഘടകം നെഹ്റു, കൃഷ്ണമേനോൻ, മാളവ്യ മുതലായവരുടെ നേതൃത്വത്തിലുള്ള പുരോഗമനവാദികളായ കോൺഗ്രസ്സുകാരുടെ സാമ്രാജ്യവിരുദ്ധനിലപാടുകളാണ്. ചൈനീസ് നേതാക്കന്മാരുടെ ദൃഷ്ടിയിൽ നെഹ്റുവും മൊറാർജിയും തമ്മിലും കൃഷ്ണമേനോനും പട്ടീലും തമ്മിലും യാതൊരു വ്യത്യാസവുമില്ല. നെഹ്റു ഗവൺമെൻറും കോൺഗ്രസ്സ പാർട്ടിയാകേയും അമേരിക്കൻ സാമ്രാജ്യവാദികളുടെ ഏജൻറുമാരാണ്. അവരുടെ അഭിപ്രായത്തിൽ രാജ്യരക്ഷയുറപ്പിക്കാനും കൊളമ്പ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സമാധാനപരമായ കൂടിയാലോചനകളാരംഭിക്കുക എന്ന പരിപാടി നടപ്പിലാക്കാനുംവേണ്ടി നെഹ്റു ഗവൺമെൻറിനു പിന്തുണ നൽകിയ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി വർഗ്ഗസമരത്തെ വഞ്ചിച്ച റിവിഷനിസ്റ്റുകളും ബൂർഷ്വാ ഏറാൻ മൂളികളുമാണ്. അവരെ സംബന്ധിച്ചിടത്തോളം, വർഗ്ഗസമരമെന്നുവെച്ചാൽ രാജ്യരക്ഷയേയും ദേശീയൈക്യത്തേയും തുരങ്കംവെച്ചുകൊണ്ട് ചൈനീസാക്രമണത്തിനു പച്ചക്കൊടികാണിക്കലാണ്!

പക്ഷേ, കോൺഗ്രസ്സിലെ പുരോഗമനവാദികൾ സാമ്രാജ്യവാദികൾക്കും വലതുപക്ഷ പിന്തിരിപ്പന്മാർക്കുമെതിരായ നിലപാടുകളെടുത്തിരുന്നില്ലെങ്കിൽ വോയ്സ് ഓഫ് അമേരിക്ക ഇന്ത്യയുടെ ശബ്ദത്തെ ഞെക്കിഞെരിച്ചു കഴിഞ്ഞിട്ടുണ്ടാകുമായിരുന്നു. കാശ്മീർ അമേരിക്കയുടെ ഒരു സംസ്ഥാനമായി മാറിയിട്ടുണ്ടാകുമായിരുന്നു. ഇന്ത്യയുടെ ചേരിചേരാനയം നാമാവശേഷമാകുമായിരുന്നു. ഇന്ത്യ പാശ്ചാത്യയുദ്ധബ്ലോക്കിലെ ഒരംഗമായിക്കഴിഞ്ഞിട്ടുണ്ടാകുമായിരുന്നു. പക്ഷേ, അതൊന്നും സംഭവിച്ചില്ല. മറിച്ച്, ഇന്ത്യയും സോഷ്യലിസ്റ്റ് രാജ്യങ്ങളും തമ്മിലുള്ള സൗഹൃദബന്ധങ്ങളാണ് ദിനംപ്രതി ശക്തിപ്പെട്ടുവന്നത്. ഈ പരമാർത്ഥം കണ്ണുള്ളവർക്കൊക്കെ കാണാൻ കഴിയും.

# 3 വർഗ്ഗസമരത്തിന്റെ കാര്യം

വർഗ്ഗസമരത്തിന്റെ കാര്യം തന്നെ എന്താണ്? ഇന്ത്യ ചൈനീസാക്രമണത്തിനിരയായിക്കഴിഞ്ഞ ഒരാപൽ ഘട്ടത്തിൽ പണിമുടക്കുകളും അട്ടിമറികളും സംഘടിപ്പിച്ചു നെഹ്റു ഗവൺമെൻറിനെ മറിച്ചിടാനും അങ്ങിനെ സ്വതന്ത്രപാർട്ടിയുടെ ഏറാൻമൂളികളായി അധഃപതിക്കാനും ഇന്ത്യയിലെ തൊഴിലാളിവർഗ്ഗം തയ്യാറായില്ല എന്നതു ശരിയാണ്. സ്വന്തം കൂലിയേക്കാളും ബോണസ്സിനേക്കാളുമധികം സ്വന്തം ജീവനേക്കാളുമധികം എന്നു പറയട്ടെ, രാജ്യത്തിന്റെ സ്വാതന്ത്ര്യവും പരമാധികാരവുമാണ് പ്രധാനം എന്നവർ തെളിയിച്ചുകാണിച്ചു. ഇതും ഡാംഗേക്ലിക്കിന്റെ റിവിഷണിസത്തിന്റെ ഫലമാണെന്ന് ചൈനീസ് വരട്ടുതത്വവാദികൾ വ്യാഖ്യാനിച്ചത്. (ഡാംഗ്ലേക്ലിക്ക് എന്ന വാക്കിന്റെ അർത്ഥം മനസ്സിലായില്ലേ? ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി എന്ന പാർട്ടിയുണ്ടെന്നുതന്നെ അവരംഗീകരിക്കുന്നില്ല. പാർട്ടിയുടെ നാഷണൽ കൗൺസിൽ ഭൂരിപക്ഷപ്രകാരം പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ ഡാംഗേക്ലിക്കിന്റെ തീരുമാനങ്ങളാണ്! പാർട്ടിയുടെ തീരുമാനങ്ങളെ എതിർക്കുന്നവർ മാത്രമാണ് യഥാർത്ഥ കമ്യൂണിസ്റ്റുകാർ!) ഒരു കാര്യം മാത്രം അവർക്കുമനസ്സിലാക്കാൻ കഴിയില്ല! ഇന്ത്യയിലെ തൊഴിലാളികൾ കൂലിക്കും ബോണസ്സിനും വേണ്ടി പൊരുതുന്നവർ മാത്രമല്ല അവർ സ്വന്തം രാജ്യത്തെ സ്നേഹിക്കുന്നവർകൂടിയാണ്.

## 4 അവരുടെ വാദഗതി

ഇതിന്റെ അർഥം ഇന്ത്യയിലെ തൊഴിലാളികളോ അവരിലൊരു വലിയവിഭാഗത്തിനു നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന എ.ഐ.ടി.യു.സി. യുടെ പ്രവർത്തകന്മാരോ വർഗ്ഗവഞ്ചകന്മാരും ബൂർഷ്വാസികളുടെ ഏറാൻമൂളികളും ആയിത്തീർന്നുവെന്നാണോ? ചൈനീസ് നേതാക്കന്മാർ അങ്ങനെ പറയുന്നതിന്റെ അർഥം നമുക്കു മനസ്സിലാക്കാം. പക്ഷേ, 'കേരളകൗമുദി' യെപ്പോലുള്ള പത്രങ്ങൾ അവരുടെ വക്കാലത്തുപിടിക്കുന്നതെന്തിനാണ്. ഒക്ടോബർ 29-നു മുഖപ്രസംഗത്തിൽ 'കേരളകൗമുദി' എഴുതുകയാണ്.

> "ഇന്നാകട്ടെ എ.കെ. ഗോപാലൻ പറഞ്ഞതുപോലെ ഏറാൻമൂളുന്ന വർഗ്ഗസമരത്തെ വഞ്ചിക്കുന്ന വാസന കമ്യൂണിസ്റ്റ് പാർട്ടിയിൽ നുഴഞ്ഞുകയറിത്തുടങ്ങിയിരിക്കുന്നു. ട്രേഡ് യൂണിയൻ നേതൃത്വത്തിൽ വർഗ്ഗവഞ്ചനയ്ക്ക് ആശാൻപദം കൊടുക്കാവുന്നവർ ഇന്നു വിരാജിക്കുന്നുണ്ട്. തൊഴിലാളികളെ ന്യായവും മര്യാദയും ഇല്ലാതെ അധ്വാനിപ്പിച്ച് അവരുടെ ചോര നീരാക്കി സുഖിക്കുന്ന വർഗ്ഗശത്രുക്കളുടെ കൂട്ടുകെട്ടിൽ തൊഴിലാളിനേതാക്കൾ അഭിമാനം കൊള്ളുന്നു. വിഹരിക്കുന്നു... "

ഹൗ! 'കേരളകൗമുദി' ക്ക് തൊഴിലാളികളോടു എന്തൊരു സ്നേഹമാണ്. തൊഴിലാളികൾ ചോര നീരാക്കി പണിയെടുക്കുന്നതിൽ എന്തൊരു സഹതാപം! തൊഴിലാളികളുടെ ശത്രുക്കളോട് എന്തൊരു പരിശുദ്ധമായ വെറുപ്പ്!

പക്ഷേ, തങ്ങളുടെ തിരഞ്ഞെടുക്കപ്പെട്ട നേതാക്കന്മാരെപ്പറ്റിയുള്ള ഇത്തരം ആരോപണങ്ങൾ തൊഴിലാളികൾക്കു പുത്തരിയല്ല. ട്രേഡ് യൂണിയൻ പ്രസ്ഥാനം ആരംഭിച്ച കാലം മുതൽക്കു തുടങ്ങിയ ഒരു വേലയാണിത്. ഇതിലത്ഭുതപ്പെടാനൊന്നുമില്ല. തൊഴിലാളികളെ ട്രേഡ് യൂണിയൻ സംഘടനകളിൽ നിന്നകറ്റി ഒറ്റപ്പെടുത്തി ഒറ്റപ്പെടുത്തി ഛിന്നഭിന്നമാക്കി മുതലാളിത്തത്തെ കാത്തുരക്ഷിക്കുക എന്ന ഈ പഴകിദ്രവിച്ച അടവുപ്രയോഗിക്കാൻ 1963 ന്റെ വാർധക്യകാലത്തുപോലും 'കേരള കൗമുദി' യെപ്പോലുള്ള ഒരു പത്രം മുതിരുന്നതിലേ അത്ഭുതമുള്ളൂ.

ഏതായാലും ഒരു കാര്യം തീർച്ചയാണ്. ആരൊക്കെ എന്തൊക്കെപ്പറഞ്ഞാലും തൊഴിലാളിവർഗ്ഗം തങ്ങളുടെ നേർവഴിയിൽ നിന്നു പിന്മാറുകയില്ല. വർഗ്ഗസമരവും രാജ്യസ്നേഹവും തമ്മിലുള്ള ബന്ധമെന്താണെന്നവർക്കറിയാം. അതുകൊണ്ടാണ് ചൈനീസാക്രമണത്തെ തുടർന്നുണ്ടായ അടിയന്തിരാവസ്ഥയിൽ കൂലിക്കുവേണ്ടി സമരങ്ങൾ സംഘടിപ്പിക്കുന്നതിനുപകരം കിട്ടിയ തുച്ഛമായ കൂലിയിൽ നിന്നൊരു ഭാഗം രാജ്യരക്ഷാനിധിയിലേക്ക് അവർ സംഭാവന ചെയ്തത്. അതു കൊണ്ടു തന്നെയാണ് അടിയന്തിരാവസ്ഥക്കു തെല്ലൊരയവു വന്നതോടെ അവർ വീണ്ടും തങ്ങളുടെ വർഗ്ഗപരമായ ആവശ്യങ്ങൾക്കു വേണ്ടിയുള്ള പ്രക്ഷോഭണങ്ങൾക്കൊരുങ്ങിയത്. സംഘടിതമായ വിലപേശലുകളിലൂടെയും കൂടിയാലോചനകൾ പരാജയപ്പെട്ട സന്ദർഭങ്ങളിൽ 'ബോംബെബന്ദ്' സമരംപോലുള്ള സംഘടന സമരങ്ങളിലൂടെയും ഗണ്യമായ സൗജന്യങ്ങൾ നേടിയെടുക്കാൻ അവർക്കീ ഘട്ടത്തിൽ സാധിച്ചിട്ടുമുണ്ട്. തൊഴിലാളികളുടെ താൽപര്യങ്ങളെ കാത്തുരക്ഷിക്കാൻ വേണ്ടിയുള്ള ഇത്തരം സമരങ്ങളിൽ നിന്നു കമ്യൂണിസ്റ്റുകാരായ എ.ഐ.ടി.യു.സി. നേതാക്കന്മാർ ഒരിക്കലും പിന്മാറിയിട്ടില്ല.

തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങൾക്കുവേണ്ടിയുള്ള സമരങ്ങൾക്കു മാത്രമല്ല കമ്യൂണിസ്റ്റുകാർ നേതൃത്വം നൽകിയത്. ഗവൺമെൻറിന്റെ പിന്തിരിപ്പൻ നയങ്ങൾക്കെതിരായ ചില വമ്പിച്ച പ്രക്ഷോഭങ്ങളും ഈ ഘട്ടത്തിൽ തന്നെയാണ് നടത്തപ്പെട്ടത്. സ്വർണ്ണനിയന്ത്രണച്ചട്ടങ്ങൾക്കും നിർബന്ധസമ്പാദ്യപദ്ധതിക്കെതിരായും ബാങ്കുകളും വിദേശവ്യാപാരവും ദേശസാൽക്കരിക്കുന്നതിനുവേണ്ടിയും വോയ്സ് ഓഫ് അമേരിക്ക കരാറിനെതിരായും മറ്റും നടത്തപ്പെട്ട പ്രക്ഷോഭങ്ങൾ ഇതിനുദാഹരണമാണ്. ഇക്കഴിഞ്ഞ സെപ്റ്റംബർ മാസത്തിലാണ് ഒരുകോടിജനങ്ങൾ ഒപ്പിട്ട ഭീമഹർജിയുമായി ഒരുലക്ഷംപേർ തലസ്ഥാനനഗരിയിൽ അഭൂതപൂർവ്വവും ആവേശകരവുമായ പ്രകടനം നടത്തിയത്. ഇന്ത്യൻ ജനതയുടെ നീറുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി അഖിലേന്ത്യാടിസ്ഥാനത്തിൽ ഇത്ര വലിയൊരു പ്രക്ഷോഭം നടത്താൻ കമ്യൂണിസ്റ്റ് പാർട്ടിക്കു സാധിച്ചത്. പാർട്ടി നവമ്പർ ആരംഭത്തിലെടുത്ത ദേശാഭിമാനപരമായ തീരുമാനങ്ങളുടെ ഫലമായിട്ടാണെന്ന യാഥാർത്ഥ്യത്തെ നിഷേധിക്കാൻ കഴിയുമോ?

ഇത്തരം പ്രക്ഷോഭങ്ങളുടെ നേട്ടങ്ങളേയും കുറവുകളേയും വിലയിരുത്താനും സാർവ്വദേശീയവും ദേശീയവുമായ സംഭവവികാസങ്ങളെ പരിശോധിച്ചുകൊണ്ട് ഭാവിപരിപാടികളാവിഷ്കരിക്കാനും വേണ്ടിയാണ് ഒക്ടോബർ മൂന്നാംവാരത്തിൽ ദൽഹിയിൽവച്ച് പാർട്ടിയുടെ നാഷണൽകൗൺസിൽ സമ്മേളിച്ചത്.

## 5 പ്രത്യയശാസ്ത്രപരമായ നിലപാട്

സാർവ്വദേശീയകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലുയർന്നുവന്നിട്ടുള്ള പ്രത്യയശാസ്ത്രപരമായ സംഘർഷങ്ങൾ കേവലം റഷ്യയും ചൈനയും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ മാത്രമാണെന്നു ചുരുക്കിക്കാണാൻ ശ്രമിക്കുന്നവരുണ്ട്. ലോകത്തിലെ ഭൂരിപക്ഷം കമ്യൂണിസ്റ്റ് പാർട്ടികൾ സോവിയറ്റു യൂണിയനെ അനുകൂലിക്കുന്നുണ്ടെന്നും വിരലിന്മേലെണ്ണാവുന്ന ചുരുക്കം ചില പാർട്ടികളേ ചൈനയെ പിന്താങ്ങുന്നുള്ളൂവെന്നും അവർ സമ്മതിക്കും. എങ്കിലും അഭിപ്രായഭിന്നതകൾ മൗലികമായി സോവിയറ്റു കമ്യൂണിസ്റ്റ് പാർട്ടിയും ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയും തമ്മിലാണ് എന്നിവർ കരുതുന്നു. എന്നിട്ടവർ ഇന്ത്യയിലെ കമ്യൂണിസ്റ്റുകാരോടു ചോദിക്കുന്നു : നിങ്ങൾ സോവിയറ്റു യൂണിയന്റെ ഭാഗത്തോ ചൈനയുടെ ഭാഗത്തോ? നിങ്ങൾ മോസ്കോ—അനുകൂലികളോ, അതോ പീക്കിങ്ങനുകൂലികളോ?

മറ്റു ചിലർ ഇത്രയുംകൂടി ചോദിക്കുന്നു. ചൈനയും സോവിയറ്റു യൂണിയനും തമ്മിലുള്ള തർക്കങ്ങളിൽ ഇന്ത്യൻ കമ്യൂണിസ്റ്റു പാർട്ടിയ്ക്കെന്തുകാര്യം? അവർ വീണ്ടും ഐക്യത്തിലെത്തട്ടെ എന്നു നമുക്കുവേണമെങ്കിൽ പ്രാർത്ഥിക്കാം. പക്ഷേ, രണ്ടു വലിയ പാർട്ടികൾ തമ്മിൽ മത്സരിക്കുമ്പോൾ ഇന്ത്യയിലേതുപോലുള്ള ഒരു ചെറിയ പാർട്ടി പക്ഷം പിടിക്കുന്നതെന്തിന്? എന്നല്ല. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിക്കകത്തു തന്നെ ഇതിനുമുമ്പു പല തെറ്റുകളും

## 6 പൊതുധാരണകൾ

ഈ രണ്ടഭിപ്രായഗതികളോടും ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി യോജിക്കുന്നില്ല. ഒന്നാമത് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി കൂടി ഉൾപ്പെട്ട ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പൊതുപരിപാടിയെ ചൈനയിലെ കമ്യൂണിസ്റ്റ് നേതാക്കന്മാർ എതിർക്കുകയും ആക്ഷേപിക്കുകയും ചെയ്തതിന്റെ ഫലമാണ് ഇന്നത്തെ അഭിപ്രായവ്യത്യാസങ്ങൾ. അതുകൊണ്ട് ഈ അഭിപ്രായവ്യത്യാസങ്ങളെ രണ്ടു പാർട്ടികൾ തമ്മിൽ അല്ലെങ്കിൽ രണ്ടു ചേരികൾ തമ്മിൽ, ഉള്ള അഭിപ്രായവ്യത്യാസങ്ങളായി തരംതാഴ്ത്തുന്നതു ശരിയല്ല. ഇന്ത്യൻ കമ്യൂണിസ്റ്റു പാർട്ടികൂടി പങ്കെടുത്തുകൊണ്ടു കൂട്ടായ ചർച്ചകൾ നടത്തിയതിനുശേഷം ഏകകണ്ഠമായി പാസ്സാക്കിയ തീരുമാനങ്ങളെ പിച്ചിച്ചീന്തുകയും ആ തീരുമാനങ്ങളെ നടപ്പിൽ വരുത്തുന്ന പാർട്ടികളെല്ലാം മുതലാളിത്തത്തിന്റെ വാലിൽതൂങ്ങികളാണെന്നും മറ്റുമുള്ള അപവാദങ്ങൾ പറഞ്ഞുപരത്തുകയും ചെയ്യുന്ന ചൈനീസ്കമ്യൂണിസ്റ്റ് നേതാക്കന്മാരുടെ തെറ്റായ നയങ്ങളെ എതിർത്തുതോൽപ്പിക്കേണ്ടതാവശ്യമല്ലേ? ഇതാണ് മുഖ്യമായ പ്രശ്നം. ഒക്ടോബർ 14-ാം തീയതി മുതൽ 20—ാം തീയതി വരെ ദൽഹിയിൽ വച്ചുകൂടിയ നാഷണൽ കൗൺസിൽ യോഗം അംഗീകരിച്ച പ്രമേയത്തിൽ ഇങ്ങിനെ പറയുന്നു :

> “ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു ഒരു പൊതുആശയഗതി—മാർക്സിസം ലെനിനിസം—ആയുധമായി കിട്ടിയിട്ടുണ്ടെന്നു മാത്രമല്ല, അതിന് പൊതുലക്ഷ്യങ്ങളുമുണ്ട്. 1957 നവംബറിലെ മോസ്കോ പ്രഖ്യാപനത്തിലും 1960 നവംബറിലെ മോസ്കോ പ്രസ്താവനയിലും ഉജ്വലമാംവിധം ആവിഷ്കരിക്കപ്പെട്ടിട്ടുള്ള ഒരു പൊതുപരിപാടിയും അതിനുണ്ട്. പോരെങ്കിൽ, ഗംഭീരമായ വിജയങ്ങൾ നേടിയിട്ടുള്ള സാർവ്വദേശീയ തൊഴിലാളിവർഗ്ഗത്തിന്റെയും മറ്റെല്ലാ ലോകവിപ്ലവശക്തികളുടെയും ജീവത്തായ അനുഭവങ്ങളാൽ സമ്പന്നമായിക്കൊണ്ടിരിക്കുന്നുണ്ട്. ഇപ്പോഴത്തെ അസ്വാസ്ഥ്യജനകമായ ഈ സ്ഥിതിവിശേഷം സംജാതമായിട്ടുള്ളതു പ്രധാനമായും ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി നേതൃത്വം ഇപ്പോൾ സാർവ്വദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കൂട്ടായ പൊതുലൈനിൽ നിന്നും ബഹുദൂരം അകന്നുപോവുകയും ഏകകണ്ഠമായി യോജിച്ചുണ്ടായിട്ടുള്ള ഈ പൊതുലൈനിനെതിരായി സാർവ്വത്രികമായ ഒരാക്രമണമഴിച്ചുവിടുകയും അവരുടെ സ്വന്തം പൊതുലൈനെന്നു പറയപ്പെടുന്ന ഒന്നുമായി പ്രസ്ഥാനത്തെയാകെ നേരിടുകയും ചെയ്തിട്ടുള്ളതിനാലാണെന്നു ഇവിടെ പ്രസ്താവിക്കുന്നതാവശ്യമാണെന്നു കമ്യൂണിസ്റ്റു പാർട്ടിയുടെ നാഷണൽ കൗൺസിൽ കരുതുന്നു.”

# 7 പൊതുപ്രസ്ഥാനത്തിന്റെ ഭാഗം

രണ്ടാമത്, ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേർക്കുള്ള ഈ ആക്രമണത്തെപ്പറ്റി ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി മൗനം ഭഞ്ജിക്കണമെന്ന വാദിക്കുന്നതും അപായകരമാണ്. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഒരു ഭാഗമാണ്. സാർവ്വലൗകികമായ തോതിൽ മുതലാളിത്തവും മറ്റെല്ലാതരം ചൂഷണങ്ങളുമവസാനിപ്പിച്ച് സോഷ്യലിസം സ്ഥാപിക്കാനാഗ്രഹിക്കുന്ന എല്ലാവർക്കും ഈ പ്രസ്ഥാനത്തിൽ പങ്കുണ്ട്. പക്ഷേ, അതേസമയത്ത്, ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി ഇന്ത്യൻ ജനതയുടെ താൽപര്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്ന ഒരു പാർട്ടികൂടിയാണ്. അതുകൊണ്ടു ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പൊതുലൈൻ സ്വീകരിക്കുന്നതിനോടൊപ്പംതന്നെ ഇന്ത്യയിലെ അധ്വാനിക്കുന്ന ജനങ്ങളുടെ താൽപര്യങ്ങളെ കാത്തുരക്ഷിക്കുവാൻ പറ്റിയ അടവു-നയപരിപാടികൾ സ്വതന്ത്രമായിത്തന്നെ രൂപവൽക്കരിക്കുകയും ചെയ്യുന്നു. സാർവ്വദേശീയ കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ പൊതുനിഗമനങ്ങളെ ഇന്ത്യയുടെ സാഹചര്യങ്ങളുമായി കൂട്ടിയിണക്കാൻ കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തിക്കുന്നു. എന്നാൽ ഇന്ത്യയുടെ അഭിവൃദ്ധിക്ക് ഏതു മാർഗ്ഗമാണ് സ്വീകരിക്കേണ്ടത്; ഏതെല്ലാം തന്ത്രങ്ങളും അടവുകളുമാണ് ആവിഷ്കരിക്കേണ്ടത്; എന്ന തീരുമാനിക്കാനുള്ള അവകാശം ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിക്കു മാത്രമാണ്.

മാർക്സിസം-ലെനിനിസം ഒരു പൊതുശാസ്ത്രമായതുകൊണ്ട് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയെടുക്കുന്ന തീരുമാനങ്ങളും മറ്റു കമ്യൂണിസ്റ്റ് പാർട്ടികളുടെ തീരുമാനങ്ങളും ഒരുപോലെയെന്നുവരും. ഉദാഹരണത്തിന് ലോകസമാധാനത്തെപ്പറ്റിയും ആണവായുധപരീക്ഷണങ്ങളെപ്പറ്റിയുമുള്ള തീരുമാനങ്ങൾ നോക്കുക.

എന്നാൽ അപൂർവ്വം ചിലപ്പോൾ മറ്റു പാർട്ടികളുടേതിൽ നിന്നു വ്യത്യസ്തമായ നിലപാടുകളും സ്വീകരിക്കേണ്ടിവന്നേക്കാം. ഒരുദാഹരണം പറയട്ടെ. 1962 നവംബർ 1-നു നാഷണൽ കൗൺസിൽ പ്രമേയം പാസ്സാക്കുന്നതിനു തൊട്ടു മുമ്പിലത്തെ ആഴ്ചയിൽ സോവിയറ്റുകമ്യൂണിസ്റ്റു പാർട്ടിയും ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയും അതിർത്തിത്തർക്കത്തെ സംബന്ധിച്ചുള്ള താന്താങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. സോവിയറ്റു കമ്യൂണിസ്റ്റു പാർട്ടി "പ്രവദ"യിലെ ഒരു മുഖപ്രസംഗത്തിലൂടെയും ചൈനീസ് പാർട്ടി ഒക്ടോബർ 27-നു "പീപ്പിൾസ് ഡെയ്‌ലി" മുഖപ്രസംഗത്തിലൂടെയും. എന്നാൽ ഈ അഭിപ്രായങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു നിലപാടാണ് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ചത്. പിന്നീടു കാളമ്പുശക്തികളുടെ നിർദ്ദേശങ്ങളെ കലവറകൂടാതെ സ്വീകരിച്ചുകൊണ്ട് സമാധാനപരമായ കൂടിയാലോചനയ്ക്കു ചൈന തയ്യാറാവണമെന്ന ഒരു പ്രമേയം ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി സ്വീകരിക്കുകയുണ്ടായി. കൊളമ്പുനിർദ്ദേശങ്ങളെ പിന്താങ്ങുക എന്നുവെച്ചാൽ നെഹ്റു ഗവൺമെൻറിനു ഏറാൻമൂളുക എന്നർത്ഥമാണെന്നു ചൈനീസ് കമ്യൂണിസ്റ്റ് നേതാക്കന്മാർ പ്രസ്താവിക്കുകയുണ്ടായി. പക്ഷേ പിന്നീടു സോവിയറ്റു കമ്യൂണിസ്റ്റു പാർട്ടിയും മറ്റുപല പാർട്ടികളും ഇന്ത്യൻ കമ്യൂണിസ്റ്റു പാർട്ടി എടുത്ത അതേ നിലപാടു സ്വീകരിക്കുകയുണ്ടായി.

# 8 സ്വന്തം തീരുമാനം

ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ തീരുമാനങ്ങളെ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി സ്വീകരിക്കുന്നതു സോവിയറ്റു പാർട്ടിയോ മറ്റേതെങ്കിലും പാർട്ടിയോ അവയെ അംഗീകരിച്ചുകൊണ്ടല്ല. മറിച്ച്, ഇന്ത്യയുടെ പുരോഗതിക്ക് അവയാവശ്യമാണെന്നുള്ളതുകൊണ്ടാണ്. ഉദാഹരണത്തിന്, ഇന്ത്യയിൽ ആഭ്യന്തരയുദ്ധം കൂടാതെ സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ സോഷ്യലിസം സ്ഥാപിക്കാനുള്ള സാധ്യതയുണ്ടെന്ന് അമൃതസറിൽ വെച്ചുകൂടി പാർട്ടികോൺഗ്രസ്സ് പ്രഖ്യാപിച്ചതും മറ്റേതെങ്കിലും പാർട്ടിയുടെ നിർബന്ധം കൊണ്ടല്ല. ഇന്ത്യയിൽ സമാധാനപരമായി സോഷ്യലിസം സ്ഥാപിക്കാനുള്ള സാധ്യതകളുണ്ടെന്ന ബോധ്യമായതുകൊണ്ടാണ്. സമാധാനപരമായ സഹവർത്തിത്വം, ചേരിചേരായം, പൊതുമേഖല, ദൈശീയൈക്യം, വലതുപക്ഷപിന്തിരിപ്പന്മാരോടുള്ള നിലപാട് എന്നിങ്ങനെയുള്ള മറ്റു പ്രശ്നങ്ങളെ സംബന്ധിച്ചും ഇന്ത്യൻജനതയുടെ താൽപര്യങ്ങളെ മുൻനിർത്തിയാണ് പാർട്ടികോൺഗ്രസ്സുകളും നാഷണൽകൗൺസിൽ യോഗങ്ങളും പ്രമേയങ്ങൾ പാസ്സാക്കിയത്. ഈ പ്രമേയങ്ങളാകട്ടെ ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പൊതുലൈനിന്റെ അവിഭാജ്യഘടകങ്ങളുമാണ്. അതുകൊണ്ടുതന്നെയാണ് ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പൊതുലൈനിന്റെ നേർക്കുള്ള ആക്രമണത്തെ മറ്റു പാർട്ടികളുമായി യോജിച്ചുകൊണ്ടു നേരിടാൻ ഇന്ത്യൻകമ്യൂണിസ്റ്റ് പാർട്ടി തീരുമാനിച്ചത്. നാഷണൽകൗൺസിൽ പാസ്സാക്കിയ പ്രമേയത്തിൽ പറയുന്നതു നോക്കുക :

> "ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കൂട്ടായ അഭിപ്രായം ഇങ്ങനെ വെല്ലുവിളിക്കപ്പെടുകയും ആക്രമിക്കപ്പെടുകയും ചെയ്യുമ്പോൾ പൊതുലൈനിനുവേണ്ടി വാദിക്കുകയും അതിനെ അചഞ്ചലമായി ഉയർത്തിപ്പിടിക്കുകയും ചെയ്യേണ്ടത് എല്ലാ മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടികളുടെയും സാർവ്വദേശീയതത്വത്തിനനുസൃതമായ കടമയായിത്തീരുന്നുണ്ടെന്നാണ് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ നാഷണൽകൗൺസിലിന്റെ അഭിപ്രായം. ഇതില്ലെങ്കിൽ സഹോദരപാർട്ടികൾക്ക് അവരുടെ സ്വന്തം രാജ്യത്തിലെ അധ്വാനിക്കുന്ന ജനങ്ങളോടും സാർവ്വദേശീയതൊഴിലാളിവർഗ്ഗപ്രസ്ഥാനത്തോടുമുള്ള അവരുടെ ചുമതല നിറവേറ്റാനാവില്ല. എന്തുകൊണ്ടെന്നാൽ, ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പൊതുവും കൂട്ടായതുമായ തീരുമാനങ്ങളുമായി അവിഭാജ്യമാംവിധം ബന്ധപ്പെട്ടുകൊണ്ടാണ് സ..... ജ്യങ്ങൾക്കുള്ള സമൂർത്തങ്ങളായ നയങ്ങളും അടവുകളും നിർണ്ണയിക്കുന്നത്."

## 9 മൂലകാരണം

മാർക്സോ ലെനിനോ എഴുതിവെച്ച ചില വാക്യങ്ങളെ സന്ദർഭത്തിൽനിന്നടർത്തിയെടുത്ത് ഉരുവിട്ടുകൊണ്ടിരുന്നാൽ മാർക്സിസമായി എന്ന് ചൈനീസ് നേതാക്കന്മാർ ധരിച്ചുവെച്ചിട്ടുണ്ടെന്ന തോന്നുന്നു. അതുകൊണ്ടാണ് ഇന്നത്തെ സവിശേഷമായ കാലഘട്ടത്തിന്റെ പ്രാധാന്യം അവർക്കു മനസ്സിലാക്കാൻ കഴിയാതെപോയത്. ലോകസോഷ്യലിസ്റ്റ് വ്യവസ്ഥ മാനവസമുദായത്തിന്റെ വികാസത്തിലെ നിർണ്ണായകഘടകമായിക്കൊണ്ടിരിക്കുകയാണെന്നും ലോകശക്തികളുടെ ബലാബലത്തിലുണ്ടായിട്ടുള്ള വമ്പിച്ച മാറ്റങ്ങളുടെ ഫലമായി എല്ലാ രാജ്യങ്ങളിലേയും ജനങ്ങൾക്ക് തങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പറ്റിയ പുതിയ സാഹചര്യങ്ങളും പുതിയ സാധ്യതകളും ഉളവായിട്ടുണ്ടെന്നുമുള്ള യാഥാർത്ഥ്യങ്ങളെ ചൈനീസ് നേതാക്കന്മാർ അംഗീകരിക്കുന്നില്ല. മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിന്റെ കാലഘട്ടത്തെ സാമ്രാജ്യത്വത്തിൻറേയും തൊഴിലാളിവിപ്ലവങ്ങളുടേയും കാലഘട്ടമായിട്ടു മാത്രമേ അവർ കാണുന്നുള്ളു. “സിദ്ധാന്തത്തേയും പ്രയോഗത്തെയും സംബന്ധിക്കുന്ന മറ്റു പല അതിപ്രധാനപ്രശ്നങ്ങളെക്കുറിച്ചുമുള്ള അവരുടെ വരട്ടുതത്വവാദപരവും വിഭാഗീയവുമായ നിലപാടിന്റെ മൂലകാരണം.” ഇതായിരിക്കണമെന്ന് നാഷണൽ കൗൺസിൽ ചൂണ്ടിക്കാട്ടുന്നു.

ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക എന്നിവിടങ്ങളിലെ ദേശീയ വിമോചനപ്രസ്ഥാനങ്ങളെപ്പറ്റി ചൈനീസ് നേതാക്കന്മാർ വളരെയധികം എഴുതിക്കൂട്ടിട്ടുണ്ട്. എന്നാൽ ദേശീയവിമോചനപ്രസ്ഥാനത്തിന്റെ വിജയത്തിനുറപ്പുണ്ടാക്കുന്ന സാർവ്വദേശീയ തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിൻറേയും സോഷ്യലിസ്റ്റ് ചേരിയുടേയും പ്രാധാന്യത്തെ അവരംഗീകരിക്കുന്നില്ല. ഒരുഭാഗത്ത് ദേശീയവിമോചനപ്രസ്ഥാനങ്ങളെ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ നിന്നും മുതലാളിത്തരാജ്യങ്ങളിൽ നിന്നും അകറ്റിനിർത്തുവാനാണ് അവർ പരിശ്രമിക്കുന്നത്. അതേസമയത്തുതന്നെ അവർ ആഫ്രോ-ഏഷ്യൻ രാജ്യങ്ങളുടെ ഐക്യത്തെ ഛിന്നഭിന്നമാക്കാനും കൊണ്ടുപിടിച്ച് ശ്രമിക്കുന്നു. ഇന്ത്യയുടെ നേർക്കു അവർ നടത്തിയ ആക്രമണവും അതിനെതുടർന്നുണ്ടായ അവരുടെ പ്രവർത്തനങ്ങളുമെല്ലാം ഇതു വ്യക്തമാക്കുന്നുണ്ട്. ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ഇത്തരം തെറ്റായ നയങ്ങളെ എതിർക്കാതിരിക്കാൻ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിക്കു നിവൃത്തിയില്ല.

സോഷ്യലിസ്റ്റ് രാജ്യങ്ങളും ചേരിചേരാരാഷ്ട്രങ്ങളും പുതുതായി വിമോചനം നേടിയ രാഷ്ട്രങ്ങളുമടങ്ങുന്ന വിസ്തൃതമായ സമാധാനമേഖലയെക്കുറിച്ച് ഒരു വാക്കുപോലും ചൈനീസ് നേതാക്കൾ പറയുന്നില്ലെന്നു നാഷണൽ കൗൺസിൽ ചൂണ്ടിക്കാട്ടുന്നു. ചേരിചേരാരാഷ്ട്രങ്ങളുടെ സാമ്രാജ്യത്വവിരുദ്ധമായ സംഭാവനകൾക്ക് 81 കമ്യൂണിസ്റ്റ് പാർട്ടികളുടെ മോസ്കോ പ്രഖ്യാപനം വമ്പിച്ച വില കൽപിക്കുന്നുണ്ട്. പക്ഷേ ചൈനീസ് നേതാക്കൾ അവയെ പുച്ഛിച്ചുതള്ളിയിരിക്കുകയാണ്.

## 10 സഹവർത്തിത്വത്തിൽ വിശ്വസിക്കുന്നില്ല

സമാധാനത്തിനുവേണ്ടിയുള്ള പോരാട്ടത്തെ എല്ലാ കമ്യൂണിസ്റ്റുകാരുടെയും പ്രധാന കടമയായിട്ടാണ് മോസ്കോ പ്രസ്താവന കരുതുന്നത്. "ലോകായുദ്ധത്തെ തടയാനുള്ള പോരാട്ടത്തിന് സർവ്വോപരി ആവശ്യമായിട്ടുള്ളത് സമാധാനപരമായ സഹവർത്തിത്വത്തിനുവേണ്ടി എല്ലാ വഴിക്കുമുള്ള സജീവസമരങ്ങളും പരിശ്രമങ്ങളും നടത്തുക എന്നതാണ്. പൊതുവും സമ്പൂർണ്ണവുമായ നിരായുധീകരണം സമാധാനപരമായ സഹവർത്തിത്വത്തിനുറപ്പു വരുത്താനുള്ള ഒരു പ്രസ്ഥാനമാണ് എന്നു നാഷണൽ കൗൺസിൽ വ്യക്തമാക്കുന്നു. എന്നാൽ, ചൈനീസ് നേതാക്കൾ ലോകസമാധാനത്തിലും സമാധാനപരമായ സഹവർത്തിത്വത്തിലും വിശ്വസിക്കുന്നില്ല. സാമ്രാജ്യത്വം നിലനിൽക്കുന്ന കാലത്തോളം യുദ്ധത്തെ സമൂഹത്തിന്റെ ജീവിതത്തിൽ നിന്നു തുടച്ചുനീക്കാനാവില്ലെന്നതാണ് ചൈനീസ്സഭിപ്രായം. സോഷ്യലിസം ഭൂമുഖത്തു പരിപൂർണ്ണവിജയം നേടുന്നതിനുമുമ്പുതന്നെ, ലോകത്തിന്റെ ഒരു ഭാഗത്ത് മുതലാളിത്തം നിലനിൽക്കുമ്പോൾതന്നെ, യുദ്ധത്തെ നിർമ്മാർജ്ജനം ചെയ്യാനുള്ള സാധ്യതയംഗീകരിക്കുന്ന മോസ്കോ പ്രസ്താവനയിലെ ലെനിനു കടകവിരുദ്ധമാണിത്."

ഇന്നത്തെ സാഹചര്യത്തിൽ പൂർണ്ണമായ നിരായുധീകരണം നടപ്പിൽ വരുത്തുക സാധ്യമാണെന്നും ലോലകമ്യൂണിസ്റ്റ് പ്രസ്ഥാനത്തോടൊപ്പം ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയും കരുതുന്നു. എന്നാൽ, ചൈനയുടെ നിലപാട് നിരായുധീകരണത്തിനുവേണ്ടിയുള്ള സമരത്തെ ദുർബ്ബലമാക്കുകയാണു ചെയ്യുന്നത്. മോസ്കോ അണുവായുധ നിരോധന ഉടമ്പടിയോട് ചൈനീസ് നേതാക്കന്മാർ സ്വീകരിച്ച നിലപാട് ഇതിനു തെളിവാണ്. ആണവായുധപരീക്ഷണനിരോധന ഉടമ്പടിക്കുവേണ്ടി മുൻകൈ എടുക്കുകയും അതിൽ ഒപ്പുവെയ്ക്കുകയും ചെയ്യുന്നതിന്, സോവിയറ്റ് യൂണിയനെ സാമ്രാജ്യത്വരാഷ്ട്രങ്ങളായ അമേരിക്കയുടേയും ബ്രിട്ടൻറേയും കൂട്ടാളിയായി ചിത്രീകരിക്കാൻ ചൈനീസ് നേതാക്കന്മാർക്കു മടിയുണ്ടായില്ല. ലോകത്തിലെ ജനതകളെ എതിർക്കാൻവേണ്ടി സോവിയറ്റു യൂണിയൻ സാമ്രാജ്യത്വരാജ്യങ്ങളിലെ പിന്തിരിപ്പന്മാരെ കൂട്ടുപിടിച്ചിരിക്കുന്നു എന്നുവരെ അവർ അപവാദം പറഞ്ഞുണ്ടാക്കി. "ആണവായുധപന്തയത്തെ ചെറുക്കുന്നതിനും സർവ്വസംഹാരകമായ അത്തരം ആയുധങ്ങൾ നിരോധിയ്ക്കാനും നിരായുധീകരണം നടപ്പിൽ വരുത്തുന്നതിനുമുള്ള സമരങ്ങളോടു ചൈനീസ് നേതാക്കന്മാരെടുത്തിട്ടുള്ള യഥാർത്ഥ നിലപാടിനെ അപവാദജടിലവും അസംബന്ധവുമായ ഈ പ്രസ്താവനകൾ നഗ്നമായി അനാവരണം ചെയ്യുന്നു. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ നാഷണൽകൗൺസിൽ ചൈനീസ് പാർട്ടി നേതാക്കന്മാരുടെ നിലപാടിനെ തിരസ്കരിക്കുകയും ആണവായുധ പരീക്ഷണനിരോധന ഉടമ്പടി ന്യൂക്ലീർ നിരായുധീകരണത്തിലേക്കുള്ള ഏറ്റവും ശ്രദ്ധേയമായ ക്രിയാത്മകനടപടികളിലൊന്നാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ഇന്ത്യയുടെ അതിർത്തിക്കുള്ളിലേക്ക് ചൈന നടത്തിയ സായുധാക്രമണത്തെ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി ഇതിനുമുമ്പു തന്നെ അപലപിച്ചു കഴിഞ്ഞിട്ടുണ്ട്. സമാധാനപരമായ സഹവർത്തിത്വത്തിനും ഏഷ്യനാഫ്രിക്കൻരാജ്യങ്ങളുടെ ഐക്യത്തിനുമെതിരാണീ ആക്രമണമെന്നും പാർട്ടി ചൂണ്ടിക്കാണിച്ചുകഴിഞ്ഞിട്ടുണ്ട്. പക്ഷേ, ഇതുകൊണ്ടൊന്നും ചൈനയുടെ നിലപാടിൽ മാറ്റമുണ്ടായിട്ടില്ല. മറിച്ച്, ഇന്ത്യയ്ക്കു നിസ്വാർത്ഥമായ സഹായം നൽകിയതിന് സോവിയറ്റുയൂണിയനെ നിരുത്തരവാദപരമായി ആക്ഷേപിക്കാനൊരുങ്ങുകയാണവർ ചെയ്തത്. സോവിയറ്റ് സഹായം ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ ഉറപ്പിക്കാനും സാമ്രാജ്യവാദികളേയും ആഭ്യന്തരപിന്തിരിപ്പന്മാരേയും എതിർക്കാനും സഹായിക്കുകയാണ് ചെയ്തിട്ടുള്ളത് എന്നും ചൈനീസ് നേതാക്കന്മാരുടെ സങ്കുചിതമായ നിലപാട് തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിനെതിരാണെന്നും നാഷണൽ കൗൺസിൽ വ്യക്തമാക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, ചൈനീസ് നേതാക്കന്മാരുടെ വരട്ടുതത്വവാദപരമായ നിലപാടുകൾ ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കൂട്ടായ നിഗമനങ്ങൾക്കും ഇന്ത്യയുടെ ജനാധിപത്യ-ദേശീയ താൽപര്യങ്ങൾക്കും എതിരാണ്. അതുകൊണ്ടാണ് കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ അഭിപ്രായഭിന്നതകളെസംബന്ധിച്ചുള്ള ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാട് വ്യക്തമാക്കാൻ വേണ്ടി, കഴിഞ്ഞ രണ്ടുലക്കങ്ങളിലും ഈ ലക്കത്തിലുമായി ചേർത്തിട്ടുള്ള സവിസ്തരമായ പ്രമേയം നാഷണൽ കൗൺസിൽ പാസ്സാക്കിയത്.

## 11 ചർച്ചകൾ

ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ പ്രത്യയശാസ്ത്രപരമായ അഭിപ്രായവ്യത്യാസങ്ങളെ സംബന്ധിച്ച് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി ഉറച്ചനിലപാടുകൾ എടുക്കേണ്ടതില്ലെന്നും പരസ്യമായ വാദപ്രതിവാദങ്ങളവസാനിപ്പിക്കാൻ ചൈനയോടും സോവിയറ്റുയൂണിയനോടും ആവശ്യപ്പെടുകയും പ്രത്യയശാസ്ത്രപരമായ അഭിപ്രായവ്യത്യാസങ്ങളെപ്പറ്റി ചർച്ച ചെയ്യാൻ പാർട്ടി അണികളോടാവശ്യപ്പെടുകയാണ് വേണ്ടത് എന്നും മറ്റുമുള്ള ചില അഭിപ്രായഗതികൾ നാഷണൽ കൗൺസിലിൽ പൊന്തിവരികയുണ്ടായി. പക്ഷേ ഇത്തരം അഭിപ്രായഗതികളെ തള്ളിക്കളയുകയാണ് കൗൺസിൽ ചെയ്തത്.

കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ അഭിപ്രായവ്യത്യാസങ്ങൾ ഇന്ത്യയുടെ ആഭ്യന്തര വിദേശനയങ്ങളുമായി അത്രമേൽ ബന്ധപ്പെട്ടവയാണ്. അതുകൊണ്ട് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാടെന്തെന്ന് വ്യക്തമാക്കേണ്ടതു സ്വന്തം രാജ്യത്തോടും ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തോടുമുള്ള ഒരു കടമയാണ്. അതുകൊണ്ടാണ്, ഇത്തരമൊരു പ്രമേയം പാർട്ടി അംഗീകരിച്ചത്, പക്ഷേ, പ്രത്യയശാസ്ത്രപരമായ കാര്യങ്ങളിൽ കൂടുതൽ ആശയവ്യക്തതയുണ്ടാക്കുന്നതിനുവേണ്ടി പാർട്ടിയുള്ളിൽ കൂടുതൽ ചർച്ചകൾ ആവശ്യമാണെന്ന് കൗൺസിൽ മനസ്സിലാക്കുകയും അവ സംഘടിപ്പിക്കാൻ കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റിയോടാവശ്യപ്പെടുകയും ചെയ്തു. പക്ഷേ, അതോടൊപ്പം തന്നെ ഒരുകാര്യം പാർട്ടി വ്യക്തമായി പ്രസ്താവിച്ചു. ചർച്ചകൾ നടത്തുക എന്നുവെച്ചാൽ മോസ്കോ പ്രഖ്യാപനത്തിലടങ്ങിയ നിഗമനങ്ങളെ ചോദ്യം ചെയ്യുക എന്നർത്ഥമില്ല. അവയെപ്പറ്റി കൂടുതൽ ആശയവ്യക്തതയുണ്ടാക്കുക എന്നതാണുദ്ദേശ്യം. ചർച്ചകൾ നടത്തുമ്പോൾതന്നെ നാഷണൽ കൗൺസിൽ പാസ്സാക്കിയിട്ടുള്ള പ്രമേയങ്ങൾ അംഗീകരിച്ചു നടപ്പിൽ വരുത്തേണ്ടത് ഓരോ പാർട്ടിമെമ്പറുടെയും ഒഴിച്ചുകൂടാത്ത കടമയാണ്.

## 12 രാഷ്ട്രീയസ്ഥിതി

നാഷണൽ കൗൺസിൽ പാസ്സാക്കിയ രാഷ്ട്രീയ പ്രമേയത്തിൽ 1962 ഒക്ടോബറിലെ രാഷ്ട്രീയസ്ഥിതിയും 1963 ലെ രാഷ്ട്രീയസ്ഥിതിയും തമ്മിലുള്ള പ്രധാനമായൊരു വ്യത്യാസം വ്യക്തമാക്കുന്നുണ്ട്.

ചൈനീസാക്രമണം ഇന്ത്യയിലെ വലതുപക്ഷ പിന്തിരിപ്പന്മാരുടെയും സാമ്രാജ്യവാദികളുടെയും കുത്തിത്തിരിപ്പുകൾക്കു വലിയൊരുത്തേജനം നൽകി. ഇന്ത്യയുടെ രാഷ്ട്രീയസ്ഥിതിയെയാകെ ഒന്നു പിടിച്ചുകുലുക്കാൻ അവർക്കു സാധിച്ചു. ഭരണം തന്നെ പിടിച്ചെടുക്കാൻ അവർക്കു സാധിച്ചേക്കുമെന്ന ഒരു ഘട്ടംവരെയെത്തി. കൃഷ്ണമേനോൻ മന്ത്രിസഭയിൽ നിന്നു രാജിവയ്ക്കേണ്ടി വന്നു. നെഹ്റുവും പോകുമെന്ന സ്ഥിതിവരെയെത്തി. സാമ്രാജ്യവാദികൾ ഇന്ത്യയുടെ യഥാർത്ഥ സുഹൃത്തുക്കളായി ഞെളിഞ്ഞു. കമ്യൂണിസ്റ്റ് പാർട്ടിയും കോൺഗ്രസ്സിനുള്ളിലുള്ള ഇടതുപക്ഷവാദികളും ഒറ്റപ്പെട്ടു. കമ്യൂണിസ്റ്റ് പാർട്ടിക്കെതിരായി നാട്ടിലെങ്ങും വലിയൊരാക്രമണമഴിച്ചുവിടപ്പെട്ടു. കമ്യൂണിസ്റ്റുകാരെ കണ്ടാലുടനെ പേപ്പട്ടികളെപ്പോലെ തച്ചുകൊല്ലണമെന്നു മുൻ പട്ടാളമേധാവി കരിയപ്പ പരസ്യമായി പ്രഖ്യാപിച്ചു. കമ്യൂണിസ്റ്റ് പാർട്ടിക്കെതിരായ ഈ ആക്രമണം യഥാർത്ഥത്തിൽ പുരോഗമനവാദികളായ കോൺഗ്രസ്സുകാർക്കെതിരായ ആക്രമണം കൂടിയായിരുന്നു. നെഹ്റു, കൃഷ്ണമേനോൻ, മാളവ്യ മുതലായവർ കമ്യൂണിസ്റ്റേജൻറുമാരായി ചിത്രീകരിക്കപ്പെട്ടത് ഇതിനു തെളിവാണ്. ചുരുക്കിപ്പറഞ്ഞാൽ സ്വതന്ത്രാപാർട്ടി, ജനസംഘം പി.എസ്.പി. മുതലായ പാർട്ടികളുടെ വലതുപക്ഷ കൂട്ടുകെട്ടിന്റെ മുമ്പിൽ പുരോഗമനശക്തികൾ ദുർബലങ്ങളായി കാണപ്പെട്ടു. ഇന്ത്യയുടെ ജനാധിപത്യപ്രസ്ഥാനത്തിന്റെ മുമ്പിൽ ഭീകരമായ ഒരു ചോദ്യചിഹ്നമുയർന്നു.

പക്ഷേ, ഇന്ത്യാചരിത്രത്തിലെ താൽക്കാലികവും ക്ഷണികവുമായ ഒരു പ്രതിഭാസം മാത്രമായിരുന്നു ഇത്. ഇന്ത്യയുടെ സാമ്രാജ്യവിരുദ്ധ ദേശീയ പാരമ്പര്യം വീണ്ടും ഉയർത്തെഴുന്നേറ്റു. സ്വന്തം അനുഭവങ്ങളിൽനിന്നും പാഠം പഠിപ്പിച്ചുകൊണ്ട് പുരോഗമനശക്തികൾ വീണ്ടും മുന്നോട്ട് വന്നു. വലതുപക്ഷ പിന്തിരിപ്പൻ ശക്തികൾ പിറകോട്ടു പിടിച്ചുതള്ളപ്പെട്ടു. സാമ്രാജ്യശക്തികളേയും അവരുടെ കൂട്ടാളികളുടേയും യഥാർഥമായ ഉദ്ദേശമെന്തെന്ന് ജനങ്ങൾക്കു നോക്കിക്കാണാൻ കഴിഞ്ഞു. ജനാധിപത്യപുരോഗമന ശക്തികളുടെ ശബ്ദം ഒരിക്കൽ കൂടി അന്തരീക്ഷത്തിലുയരാൻ തുടങ്ങി.

ഈ മാറ്റങ്ങളുടെ ഫലമായി കാശ്മീർ പാകിസ്ഥാനു തീറെഴുതിക്കൊടുപ്പിക്കാനുള്ള സാമ്രാജ്യവാദികളുടെ തന്ത്രങ്ങൾ പൊളിഞ്ഞു. ചേരിചേരാനയത്തെ ഛിന്നഭിന്നമാക്കിക്കൊണ്ട് ഇന്ത്യയെ തങ്ങളുടെ ആകാശക്കുടയിൽ കുടുക്കിയിടാനുള്ള അവരുടെ പരിശ്രമം പരാജയപ്പെട്ടു. വോയ്സ് ഓഫ് അമേരിക്കക്കരാറ് നടപ്പിൽവരുത്താൻ കഴിയാതായി. നിർബന്ധസമ്പാദ്യപദ്ധതിയിലും സ്വർണ്ണനിയന്ത്രണച്ചട്ടങ്ങളിലും ജനങ്ങൾക്കനുകൂലമായ മാറ്റങ്ങൾ വരുത്തപ്പെട്ടു. ചില സ്റ്റേറ്റുകളിൽ നിലനികുതി സർച്ചാർജ്ജുകൾ വെട്ടിക്കുറയ്ക്കപ്പെട്ടു. പല സ്റ്റേറ്റുകളിലും തൊഴിലാളികൾക്ക് ഗണ്യമായ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സാധിച്ചു. അടിയന്തിരാവശ്യങ്ങൾക്കുവേണ്ടിയുള്ള തൊഴിലാളിപ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടു. സുപ്രസിദ്ധമായ ബോമ്പേബസ് സമരവും മഹത്തായ ഭീമഹർജിപ്രക്ഷോഭവും കാറ്റേങ്ങോട്ടാണ് വീശുന്നതെന്നു ചൂണ്ടിക്കാണിച്ചു. കോൺഗ്രസ്സിനകത്തുപോലും സാമ്പത്തികവും രാഷ്ട്രീയവുമായ പുരോഗമനാശയങ്ങൾ പൂർവ്വാധികം വളരാൻ തുടങ്ങി. ഒരു കോൺഗ്രസ് എം.പി.യാണ് ബാങ്കുകൾ ദേശസാൽക്കരിക്കണമെന്ന പ്രമേയം പാർലിമെൻറിലവതരിപ്പിച്ചത്. പിന്നീടത് പിൻവലിച്ചുവെങ്കിലും കോൺഗ്രസ്സിനുള്ളിൽ ആശയപരമായ ചേരിപിരിവുകൾ കൂടുതൽ വ്യക്തമായത് ഈ ഘട്ടത്തിലാണ്. മൊറാർജിയും പട്ടീലും മന്ത്രിസഭയിൽ നിന്നു രാജിവെച്ചുപോയി എന്നത് കോൺഗ്രസ്സിനകത്തും പുറത്തുമുള്ള ജനാധിപത്യവാദികളുടെ നേട്ടമാണ്.

എന്നാൽ, വലതുപക്ഷപിന്തിരിപ്പന്മാർക്കെതിരായ ഈ തിരിച്ചടി അവരുടെ ഭീഷണിയവസാനിച്ചുവെന്നാണ് കാണിക്കുന്നത് എന്ന് വല്ലവരും ധരിക്കുന്നുണ്ടെങ്കിൽ അതബദ്ധമാണ് എന്ന് നാഷണൽ കൗൺസിൽ ചൂണ്ടിക്കാണിക്കുന്നു. ഗവൺമെൻറിന്റെ തെറ്റായ നയങ്ങൾ ചൂഷണം ചെയ്തുകൊണ്ടു നേടിയ പലതരം ആനുകൂല്യങ്ങളും യഥാർത്ഥത്തിൽ അവരുടെ ശക്തി നിലനിർത്തുകയാണ് ചെയ്യുന്നത്. കുത്തകമുതലാളിയ്ക്കും മറ്റു സ്ഥാപിതതാൽപര്യക്കാർക്കും ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുകയും രാജ്യത്തിന്റെ വികസന താൽപര്യങ്ങളേയും ജനങ്ങളുടെ ജീവിതനിലവാരങ്ങളേയും അപകടത്തിലാക്കുകയും ചെയ്യുന്ന ഗവൺമെൻറിന്റെ പിന്തിരിപ്പൻനയങ്ങൾ മാറ്റുകയും ചെയ്യാത്തേടത്തോളം കാലം വലതുപക്ഷ പിന്തിരിപ്പന്മാരുടെ ഭീഷണി നിലനിൽക്കുമെന്ന് കൗൺസിൽ താക്കീതു നൽകുന്നു.

എന്നാൽ വലതുപക്ഷ പിന്തിരിപ്പന്മാർക്കെതിരായി യോജിച്ച പ്രക്ഷോഭങ്ങൾ നടത്താൻ കൂടുതൽ അനുകൂലമായ സാഹചര്യങ്ങൾ വളർന്നുവന്നിരിക്കുന്നു എന്ന യാഥാർത്ഥ്യം കാണാതിരിക്കരുത്. കോൺഗ്രസ്സിന് അകത്തും പുറത്തുമുള്ള പിന്തിരിപ്പന്മാരെ തുരത്തണമെങ്കിൽ അംഗീകരിക്കപ്പെട്ട ദേശീയലക്ഷ്യങ്ങൾക്കനുസൃതമായ പുരോഗമനനയങ്ങൾ നടപ്പിൽ വരുത്തേണ്ടതുണ്ട്. അതിനുള്ള ചില നീക്കങ്ങൾ കോൺഗ്രസ്സിനകത്തുള്ള പുരോഗമനവാദികളിൽ നിന്നുതന്നെ പുറപ്പെടുന്നുണ്ട്. ഇത്തരം നീക്കങ്ങളെ സ്വാഗതം ചെയ്യുകയും പിന്താങ്ങുകയും ചെയ്യാൻ കമ്യൂണിസ്റ്റുകാർ തയ്യാറായിരിക്കുമെന്നു കൗൺസിൽ പ്രഖ്യാപിക്കുന്നു.

വലതുപക്ഷ പിന്തിരിപ്പന്മാരെ തുരത്താൻവേണ്ടിയുള്ള പ്രക്ഷോഭം ഗവൺമെൻറിന്റെ പിന്തിരിപ്പൻനയങ്ങൾ മാറ്റിത്തീർക്കാൻ വേണ്ടി കോൺഗ്രസ്സിനകത്തും പുറത്തുമുള്ള ജനാധിപത്യശക്തികൾ നടത്തുന്ന പ്രക്ഷോഭങ്ങളുമായും ജനങ്ങളുടെ ജീവിതതാൽപര്യങ്ങളെ കാത്തുരക്ഷിക്കാൻ വേണ്ടിയുള്ള സമരങ്ങളുമായും അവിഭാജ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ചൂതാട്ടവ്യാപാരമവസാനിപ്പിക്കുക, ഭക്ഷണധാന്യങ്ങളുടെ മൊത്തവ്യാപാരം ഗവൺമെൻറ് ഏറ്റെടുക്കുക, കൃഷിക്കാരുടെ ഉൽപന്നങ്ങൾക്ക് വില നിജപ്പെടുത്തുക, ബാങ്കുകൾ ദേശസാൽക്കരിക്കുക, മുതലായ അടിയന്തിരാവശ്യങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭം ശക്തിപ്പെടുത്തണമെന്ന് കൗൺസിൽ ആഹ്വാനം ചെയ്യുന്നത്.

ജനങ്ങളുടെ അടിയന്തിരാവശ്യങ്ങൾക്കുവേണ്ടിയുള്ള ന്യായമായ സമരങ്ങൾ വലതുപക്ഷപിന്തിരിപ്പന്മാരുടെ അടിത്തറ തകർക്കാനും പുരോഗതിയിലേക്കുള്ള മുന്നേറ്റത്തെ ത്വരിതപ്പെടുത്താനും സഹായിക്കും. അതുകൊണ്ട് ഇത്തരം സമരങ്ങളെ പിന്താങ്ങാൻ രാജ്യത്തിലെ എല്ലാ പുരോഗമനശക്തികളും തയ്യാറാവുമെന്ന് കമ്യൂണിസ്റ്റ് പാർട്ടി പ്രതീക്ഷിക്കുന്നു.

## 13 അച്ചടക്കപ്രശ്നം

അച്ചടക്കനടപടികളെപ്പറ്റിയുള്ള നാഷണൽ കൗൺസിലിന്റെ പ്രമേയമാണ് ബൂർഷ്വാപത്രങ്ങളിൽ കൂടുതൽ ഒച്ചപ്പാടുണ്ടാക്കിയത്. മോസ്കോപക്ഷപാതികളും പീക്കിംങ് പക്ഷപാതികളും തമ്മിലുള്ള തർക്കം ഏ.കെ. ഗോപാലനും ഡാംഗേയും തമ്മിലും ഇ.എം.എസും എം.എൻ. ഗോവിന്ദൻനായരും തമ്മിലുള്ള മത്സരങ്ങൾ, പാർട്ടിയ്ക്കുള്ളിൽ വടക്കെ ഇന്ത്യക്കാരും തെക്കെ ഇന്ത്യക്കാരും തമ്മിൽ നടക്കുന്ന അധികാരവടംവലികൾ എന്നും മറ്റുമുള്ള വിചിത്രങ്ങളായ പല വ്യാഖ്യാനങ്ങളും പൊട്ടിപ്പുറപ്പെടുകയുണ്ടായി. അച്ചടക്കലംഘനം ധീരതയുടെ ലക്ഷണമാണെന്നുപോലും ധരിച്ചവരുണ്ട്.

# 14 അച്ചടക്കനടപടിക്കു കാരണം

യഥാർത്ഥത്തിലെന്തേ ഉണ്ടായതു്? നാഷണൽകൗൺസിൽ സഖാവ് എ.കെ. ഗോപാലന്റെ പേരിൽ അച്ചടക്കനടപടി എടുത്തതെന്തിനാണ്?

ഈ ചോദ്യത്തിനുള്ള ഏറ്റവും വ്യക്തമായ മറുപടി നാഷണൽ കൗൺസിൽ പാസ്സാക്കിയ പ്രമേയത്തിൽത്തന്നെ കാണാം.

പ്രമേയം തുടങ്ങുന്നതുതന്നെ “പാർട്ടി നിർദ്ദേശങ്ങളെ ധിക്കരിച്ചുകൊണ്ട് സ. ഗോപാലൻ ഈയ്യിടെ നടത്തിയ പ്രവർത്തനങ്ങളും പാർട്ടിക്കെതിരായി പരസ്യമായി നടത്തിയ അപവാദവും ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ നാഷണൽകൗൺസിൽ വളരെ ഗൗരവമായെടുക്കുന്നു” എന്ന മുഖവുരയോടുകൂടിയാണ്.

പാർട്ടിയുടെ ഏതു നിർദ്ദേശങ്ങളെയാണ് സ. ഗോപാലൻ ധിക്കരിച്ചതു്?

കൽക്കത്തയിൽവച്ച് കമ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് പുറത്താക്കപ്പെട്ട ചിലരും ചില പാർട്ടിമെമ്പർമാരും കൂടി നിലവിലുള്ള പാർട്ടി സംഘടനയ്ക്കെതിരായി ഡിമോക്രാറ്റിക് കൺവെൻഷൻ എന്ന പേരിൽ ഒരു പൊതുയോഗം വിളിച്ചുകൂട്ടുകയുണ്ടായി. ബഹുജനപ്രസ്ഥാനത്തിന്റെ ഒരു സമാന്തരകേന്ദ്രം സ്ഥാപിക്കാനും പാർട്ടിയിലും ബഹുജനസംഘടനകളിലും പിളർപ്പുണ്ടാക്കാനുമുള്ള ഒരു പരസ്യമായ സംരംഭമാണതെന്നു വ്യക്തമായതിനാൽ ആ കൺവെൻഷനിൽ പാർട്ടിമെമ്പർമാർ പങ്കെടുക്കരുതെന്നും പാർട്ടിയുടെ നാഷണൽ എക്സിക്യൂട്ടീവ്കമ്മിറ്റി തീരുമാനിച്ചിരുന്നു. കൺവെൻഷൻ നടന്നതിന്റെ രണ്ടാഴ്ചകൾക്കു മുമ്പാണ് ഈ തീരുമാനമെടുത്തതു്. അതിനെത്തുടർന്ന് ബംഗാളിലെ പാർട്ടിസംഘടനയും ഡിമോക്രാറ്റിക് കൺവെൻഷൻകാരുടെ ഭിന്നിപ്പിക്കൽ തന്ത്രങ്ങളിൽ കുടുങ്ങിപ്പോകരുതെന്ന് പാർട്ടിമെമ്പർമാരെ ഉൽബോധിപ്പിക്കുകയുണ്ടായി. കമ്യൂണിസ്റ്റ് പാർട്ടിക്കെതിരായ ആ കൺവെൻഷനിൽ ബംഗാളിലെ ഭൂപേശ്ഗുപ്ത, ഭവാനിസെൻ, ഇന്ദ്രജിത് ഗുപ്ത, രേണുചക്രവർത്തി, രണേൻസെൻ തുടങ്ങിയ പ്രധാനപ്പെട്ട നേതാക്കന്മാരാരും തന്നെ പങ്കെടുക്കുകയുണ്ടായില്ല. ജയിലിൽ കിടക്കുന്ന ജ്യോതിബസുപോലും കൺവെൻഷൻകാരുടെ ഭിന്നിപ്പിക്കൽ തന്ത്രങ്ങൾക്കെതിരായി താക്കീതു നൽകുകയുണ്ടായി.

പക്ഷേ, സ. ഗോപാലൻ പാർട്ടിനിർദ്ദേശങ്ങളെ വകവയ്ക്കാതെ കൺവെൻഷനിൽ പങ്കെടുത്തു. നിർദ്ദേശങ്ങളെപ്പറ്റി തനിക്കറിവുണ്ടായിരുന്നില്ല എന്ന് പരസ്യമായ ഒരു പത്രപ്രസ്താവനയിൽ പറഞ്ഞുവെങ്കിലും നിർദ്ദേശങ്ങളെപ്പറ്റി അറിഞ്ഞുകൊണ്ടുതന്നെയാണ് താനതിൽ പങ്കെടുക്കാൻ പോയതു് എന്ന് അദ്ദേഹം നാഷണൽ കൗൺസിലിൽ സമ്മതിച്ചു. പക്ഷേ, പാർട്ടി നിർദ്ദേശങ്ങളെ ധിക്കരിച്ചതിൽ വ്യസനിക്കുന്നതിനു പകരം തന്റെ നടപടിയെ ന്യായീകരിക്കാൻ ശ്രമിക്കുകയാണദ്ദേഹം ചെയ്തതു്.

കൺവെൻഷൻ വിളിച്ചുകൂട്ടിയ റാലിയിൽ പ്രസംഗിച്ചുവെന്നതു മാത്രമല്ല സ. ഗോപാലന്റെ തെറ്റു്. പാർട്ടി നയത്തിനെതിരായി പ്രസംഗിക്കുകയും ചെയ്തു. പാർട്ടിക്കുള്ളിൽ ഇന്നു നിലനിൽക്കുന്ന അഭിപ്രായവ്യത്യാസങ്ങളെപ്പറ്റി തെറ്റായ ഒരു ചിത്രമാണ് നൽകിയതു്. മാത്രമല്ല, നാഷണൽകൗൺസിലിന്റെ തീരുമാനത്തെ വകവയ്ക്കാതെ ബംഗാളിൽ നിലവിലുള്ള പാർട്ടിയുടെ ഔദ്യോഗിക സംസ്ഥാനകമ്മിറ്റിയെ പിരിച്ചുവിടണമെന്നും അതിന്റെ സ്ഥാനത്ത് 1962 ലെ നവംബറിനു മുമ്പ് നിലനിന്നിരുന്ന പഴയ സംസ്ഥാനകമ്മിറ്റി പ്രതിഷ്ഠിക്കണമെന്നും അദ്ദേഹം പരസ്യമായി ആവശ്യപ്പെടുകയുണ്ടായി. ഇതും പാർട്ടിയെ ധിക്കരിക്കലാണ്.

## 15 ബഹുജനപ്രസ്ഥാനം

ബഹുജനപ്രക്ഷോഭത്തെ ശക്തിപ്പെടുത്താൻ തന്റെ മനഃപൂർവ്വമായ അച്ചടക്ക ലംഘനം ആവശ്യമായിരുന്നു എന്ന് സ. ഗോപാലൻ നാഷണൽ കൗൺസിലിൽ വാദിക്കുകയുണ്ടായി. ഈ വാദത്തെ നാഷണൽകൗൺസിൽ നിരാകരിച്ചു. പാർട്ടിയുടെ നേതൃത്വത്തിൽ നടക്കുന്ന ഒരു ബഹുജനപ്രസ്ഥാനത്തേക്കാൾ വലിയൊരു പ്രസ്ഥാനം ഒരു വ്യക്തിക്കു കെട്ടിപ്പടുക്കാൻ സാധിക്കില്ല എന്നതുകൊണ്ടുമാത്രമല്ല, പിന്നെയോ? കൺവെൻഷൻകാർ ബഹുജനപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയല്ല ഭിന്നിപ്പിക്കുകയാണ് ചെയ്തത് എന്നതുകൊണ്ടും, എങ്ങിനെ? ബംഗാളിലെ പാർട്ടിക്കമ്മിറ്റി സംസ്ഥാനവ്യാപകമായ ഒരു ഭക്ഷണപ്രക്ഷോഭത്തിനുള്ള പരിപാടികൾ തയ്യാറാക്കിക്കഴിഞ്ഞിരുന്നു. അതിനെതിരായി സ്വന്തം നേതൃത്വത്തിൽ മറ്റൊരു പ്രക്ഷോഭത്തിനു പ്ലാനിടുകയാണ് കൺവെൻഷൻ ചെയ്തത്. ആ പ്ലാൻ ഒട്ടു നടക്കുകയുണ്ടായില്ല. ജയിലിലുള്ള കമ്യൂണിസ്റ്റുകാരുടെ മോചനത്തിനുവേണ്ടി പാർട്ടിക്കമ്മിറ്റിയുടെ നേതൃത്വത്തിൽ തന്നെ മറ്റൊരു പ്രക്ഷോഭവും നടക്കുന്നുണ്ടായിരുന്നു. കമ്യൂണിസ്റ്റ് തടവുകാരുടെ മോചനത്തിനുവേണ്ടി ഒക്ടോബർ 7-ാം തീയതി ഒരു ബഹുജനപ്രകടനം നടത്താൻ പരസ്യമായി ജനങ്ങളോടാവശ്യപ്പെടുകയും ചെയ്തുകഴിഞ്ഞിരുന്നു. എന്നിട്ടും ആ പ്രകടനത്തെ ശക്തിപ്പെടുത്താനല്ലാ, തങ്ങളുടെ സ്വന്തം നേതൃത്വത്തിൽ ഒക്ടോബർ 5-ാം തീയതി ഒരു പ്രകടനം നടത്തണമെന്നാണ് കൺവെൻഷൻ തീരുമാനിച്ചത്. ആ തീരുമാനം അവർ നടപ്പിൽ വരുത്തുകയും ചെയ്തു. പക്ഷേ, അവരുടെ പ്രകടനത്തിൽ അറുനൂറിലധികം ആളുകളെ പങ്കെടുപ്പിക്കാൻ അവർക്കു കഴിഞ്ഞില്ല. പാർട്ടിയുടെ നേതൃത്വത്തിൽ ഒക്ടോബർ 7 ന് നടന്ന പ്രകടനത്തിൽ ഏഴായിരത്തിലധികം ജനങ്ങൾ പങ്കെടുക്കുകയും ചെയ്തു.

ഇത്രയും വസ്തുതകൾതന്നെ കൺവെൻഷന്റെ മുഖ്യമായ ഉദ്ദേശ്യം ജനസേവനമല്ല കമ്യൂണിസ്റ്റ് പാർട്ടിയെ എതിർക്കലാണ് എന്നു വ്യക്തമാക്കുന്നതാണ്. കൺവെൻഷൻകാർ സെപ്റ്റംബർ 28-ാം തീയതി ഒരു റാലി നടത്തി മിണ്ടാതിരിക്കുകയല്ല ചെയ്തത്. അവരുടെ നേതൃത്വത്തിൽ 'ദേശഹിതൈഷി' എന്ന പേരിൽ ഒരു പ്രതിവാരപത്രം നടത്തുന്നുണ്ട്. സാർവ്വദേശീയകാര്യങ്ങളെപ്പറ്റിയും ദേശീയകാര്യങ്ങളെപ്പറ്റിയുമുള്ള പാർട്ടിയുടെ തീരുമാനങ്ങളെ ഇടവിടാതെ എതിർക്കുകയും പാർട്ടിനേതൃത്വത്തെ പൊതുവിലും നേതൃത്വത്തിലുള്ള ചില വ്യക്തികളെ പ്രത്യേകമായും കരിതേച്ചു കാണിക്കുകയും ചെയ്യുക എന്നതാണ് ആ പത്രത്തിന്റെ മുഖ്യമായ ജോലി. ഇതെങ്ങിനെ ബഹുജനപ്രസ്ഥാനത്തെ ശക്തിപ്പെടുത്തലാവും? പാർട്ടിയെ ഭിന്നിപ്പിച്ചു തകർക്കാൻ ശ്രമിക്കുന്ന ഇത്തരമൊരു സംഘം നടത്തിയ റാലിയിലാണ് സ. ഗോപാലൻ പങ്കെടുത്തത്.

സ. ഗോപാലന്റെ നടപടി "പാർട്ടിയെ പരസ്യമായി മനഃപൂർവ്വം ധിക്കരിക്കുകയും അതിന്റെ അധികാരത്തെ അവഹേളിക്കുകയും ചെയ്യുകമാത്രമല്ല, ബഹുജനപ്രസ്ഥാനത്തെ ഭിന്നിപ്പിക്കുകകൂടിയാണ്" എന്ന് നാഷണൽ കൗൺസിലിനു ബോധ്യമായി. എന്നിട്ടും, യാതൊരു നടപടിയും എടുക്കാതിരിക്കുകയെന്നുവച്ചാൽ അതു പാർട്ടിയെ അസംഘടിതമാക്കുകയും ജനകീയാവശ്യങ്ങൾക്കുവേണ്ടിയുള്ള സമരത്തെ ക്ഷീണിപ്പിക്കുകയും ചെയ്യും. അതുകൊണ്ടാണ് സ. ഗോപാലന്റെ മേൽ ശിക്ഷണനടപടിയെടുക്കേണ്ടിവന്നത്.

## 16 പാർട്ടികളും അച്ചടക്കനടപടിയും

ഇത്തരം ശിക്ഷണനടപടികളെടുക്കാത്ത ഏതെങ്കിലു മൊരു പാർട്ടി ഇന്ത്യയിലിന്നുണ്ടെന്നു തോന്നുന്നില്ല. കോൺഗ്രസ് എടുക്കുന്ന തീരുമാനങ്ങളെ എതിർക്കാൻ കോൺഗ്രസ് മെമ്പർമാർക്കു പാടുണ്ടോ? രാഷ്ട്രീയ പാർട്ടികളുടെ കാര്യം പോകട്ടെ, ട്രേഡുയൂണിയനുകൾപോലുള്ള ബഹുജനസംഘടനകളും ഗ്രന്ഥശാലാസംഘം പോലുള്ള സാംസ്കാരികസംഘടനകളും താന്താങ്ങളുടെ അച്ചടക്കങ്ങളും ഭരണഘടനാനിയമങ്ങളും പാലിക്കാറില്ലേ?

അച്ചടക്കം വ്യക്തിസ്വാതന്ത്ര്യത്തിനെതിരല്ല. എന്നാൽ പാർട്ടിയ്ക്കുള്ളിൽ ചർച്ച നടത്തി തീരുമാനമെടുത്തു കഴിഞ്ഞാൽ ആ തീരുമാനമനുസരിക്കേണ്ടത് എല്ലാ മെമ്പർമാരുടേയും കടമയായിത്തീരുന്നു. ചിലപ്പോൾ ചില തീരുമാനങ്ങളോട് ചില മെമ്പർമാർ യോജിച്ചില്ലെന്നു വരും. എല്ലാ പ്രശ്നങ്ങളും ഏകകണ്ഠമായി തീരുമാനിക്കാൻ കഴിഞ്ഞെന്നുവരില്ല. അത്തരം സന്ദർഭങ്ങളിൽ ഭൂരിപക്ഷത്തിന്റെ തീരുമാനം പാർട്ടിയുടെ തീരുമാനമായിത്തീരുകയും ആ തീരുമാനത്തിനു വഴങ്ങാൻ എല്ലാ മെമ്പർമാരും സന്നദ്ധരാകേണ്ടിവരികയും ചെയ്യും. തീരുമാനത്തെ പരസ്യമായി ലംഘിക്കുന്നവർ അച്ചടക്ക നടപടികൾക്കു വിധേയരായിത്തീരുകയും ചെയ്യും. ഇത്തരത്തിലുള്ള ചില ചിട്ടകളും നിയമങ്ങളും ഏതു സംഘടനയ്ക്കാണില്ലാത്തത്?

അപ്പോൾ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു അച്ചടക്കനടപടിയെ പൊക്കിപ്പിടിച്ച് ഇത്രയൊക്കെ ബഹളം കൂട്ടുന്നതെന്തിനാണ്.

നവയുഗം 2-11-1963.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 10

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ലെനിനും ഭരണകൂടത്തെപ്പറ്റിയുള്ള സിദ്ധാന്തവും
2. മാർക്സിസവും വർഗ്ഗസമരവും
3. മാർക്സിസവും മതവും
4. ചരിത്രപരമായ ഭൗതികവാദം
5. ലക്ഷ്യങ്ങളും മാർഗങ്ങളും
6. സോഷ്യലിസ്റ്റ് രാജ്യം അക്രമിയാവുമോ?
7. കോൺഗ്രസ്സ്-കമ്യൂണിസ്റ്റ് ഐക്യം കൂടിയേ കഴിയൂ
8. നാഷണൽ കൗൺസിലിന്റെ തീരുമാനങ്ങൾ
9. ഇന്ത്യയെപ്പറ്റിയുള്ള ചൈനയുടെ വിശകലനം
10. ഒരു ഇന്ത്യൻ കമ്യൂണിസ്റ്റിന്റെ ഓർമക്കുറിപ്പ്
11. ശ്രീശങ്കരൻ ഹെഗൽ മാർക്സ്
12. വർഗ്ഗീയത ഭൂതകാലത്തിന്റെ പൈതൃകം
13. ജോർജ്ജ് ലൂക്കാച്ച്
14. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
15. രാഹുൽജി
16. ശ്രീനാരായണഗുരു


### വെബ് പതിപ്പ കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014